# സങ്കീർത്തനം 100

1 സകല ഭൂവാസികളുമായുള്ളോരേ, യഹോവേക്കു ആർപ്പിടുവിൻ.

2 സന്തോഷത്തോടെ യഹോവയെ സേവിപ്പിൻ; സംഗീതത്തോടെ അവന്റെ സന്നിധിയിൽ വരുവിൻ.

3 യഹോവ തന്നേ ദൈവം എന്നറിവിൻ; അവൻ നമ്മെ ഉണ്ടാക്കി, നാം അവന്നുള്ളവർ ആകുന്നു;
അവന്റെ ജനവും അവൻ മേയിക്കുന്ന ആടുകളും തന്നേ.

4 അവന്റെ വാതിലുകളിൽ സ്തോത്രത്തോടും അവന്റെ പ്രാകാരങ്ങളിൽ സ്തുതിയോടും കൂടെ
വരുവിൻ; അവന്നു സ്തോത്രം ചെയ്തു അവന്റെ നാമത്തെ വാഴ്ത്തുവിൻ.

5 യഹോവ നല്ലവനല്ലോ, അവന്റെ ദയ എന്നേക്കുമുള്ളതു; അവന്റെ വിശ്വസ്തത
തലമുറതലമുറയായും ഇരിക്കുന്നു.

WWW.GOSPEL.SAJACOBSREVIEWS.COM